**കേരള കാർഷിക സർവ്വകലാശാല**
**മേഖലാ കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

നമ്പർ. ഇ 2752/17 (V) തീയതി. 12.12.17

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2018 ജനുവരി 01 മുതൽ 18 വരെ നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള പൂപ്പൊലി 2018 ന്റെ ഭാഗമായി അമ്യൂസ്മെന്റ് പാർക്ക് ഏർപ്പാടാക്കിതരുന്നതിന് ഇത്തരം പ്രവർത്തികൾ നടത്തുന്ന വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു

**<u>പൂപ്പൊലി 2018 അമ്യൂസ്മെന്റ് പാർക്കിനുള്ള ക്വട്ടേഷൻ</u>**

**അമ്യൂസ്മെന്റ് പാർക്ക് : ഒരെണ്ണം ( ഏകദേശം ഒന്നര ഏക്കർ സ്ഥലത്ത് )**

**അടിസ്ഥാന വില 5 ലക്ഷം രൂപ**

1. **ഇതിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഐറ്റങ്ങളുടെ പട്ടിക നൽകേണ്ടതാണ്.**
2. **പൊതുജനങ്ങളുടെ ജീവന് ഭീഷണിയുള്ള ഐറ്റങ്ങൾ ഒഴിവാക്കേണ്ടതാണ്**
3. **സുരക്ഷ സംബന്ധിച്ച് ആവശ്യമായ മുൻകരുതലുകളും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നേടേണ്ട അനുമതിയും ക്വട്ടേഷൻ ലഭിക്കേണ്ടവർ നേടേണ്ടതാണ്**

ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് :

**പൂപ്പൊലി 2018 അമ്യൂസ്മെന്റ്പാർക്കിനുള്ള ക്വട്ടേഷൻ**

ക്വട്ടേഷൻ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം : **21.12.2017, 11.00 am**

ക്വട്ടേഷൻ തുറക്കുന്ന തിയതി, സമയം : **21.12.2017, 11.30 am**

നിരതദ്രവ്യം : **25,000** രൂപ (ഡിഡി/പണം ആയി)

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം: **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**
**മേഖലാ കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

**<u>ക്വട്ടേഷൻ സംബന്ധിച്ച മറ്റു നിബന്ധനകൾ:</u>**

1. ക്വട്ടേഷൻ ലഭിക്കുന്നവർ ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് (1/3) ക്വട്ടേഷൻ അംഗീകരിച്ച് മൂന്ന് ദിവസത്തിനകം അടയ്ക്കേണ്ടതാണ് . ശേഷിക്കുന്ന തുക പൂപ്പൊലി തുടങ്ങുന്നതിന് 7 ദിവസം മുൻപ് അടയ്ക്കേണ്ടതാണ് അല്ലാത്തപക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം സ്ഥാപനത്തിന് മുതൽക്കൂട്ടുന്നതും നിയമാനുസൃതമായ മറ്റു നടപികൾ സ്വീകരിക്കുന്നതുമാണ്.
2. അമ്യൂസ്മെന്റ് പാർക്കിന്റെ ക്വട്ടേഷൻ നൽകുന്നവർ ഉദ്ദേശിക്കുന്ന ഇനങ്ങൾ പ്രത്യേകം കാണിച്ചിരിക്കണം
3. ക്വട്ടേഷൻ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.
4. സുരക്ഷാസംബന്ധമായ എല്ലാ ഉത്തരവാദിത്തങ്ങളും ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിയ്ക്കായിരിക്കും. എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചും ആവശ്യമായ ലൈസൻസും നേടിയ ശേഷമേ വിനോദോപകരണങ്ങൾ, യന്ത്രങ്ങൾ ഇവ പ്രവർത്തിപ്പിച്ചു തുടങ്ങാവൂ.
5. നിരതദ്രവ്യം അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ്/പണം ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.
6. ആദ്യം പൊതു ലേലവും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ പുനർലേലവും നടത്തുന്നതുമാണ്.

7. ആവശ്യമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതേയും ലൈസൻസ് നേടാതേയും പ്രവർത്തിക്കുന്നപക്ഷം ലേലം നേടിയ ശേഷം എപ്പോൾ വേണമെങ്കിലും ആയതിന്റെ പ്രവർത്തനാനുമതി മുന്നറിയിപ്പില്ലാതെ പിൻവലിക്കുന്നതും നിരതദ്രവ്യം, ലേലത്തുക ഇവ സർവകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.
8. കാരണം കാണിക്കാതേയും യാതൊരു മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
9. നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിയ്ക്കുന്നതല്ല. ക്വട്ടേഷനുകൾ നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. എറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോടെ ജോലി ഏറ്റെടുത്ത് ചെയ്യാൻ ബാദ്ധ്യസ്ഥനാണ്. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല. ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതു ജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്)

നോട്ടീസ് ബോർഡ് — അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ് : വിതരണത്തിന്

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ

കേരള കാർഷിക സർവ്വകലാശാല അമ്പലവയൽ KERALA AGRICULTURAL UNIVERSITY മേഖല കാർഷിക ഗവേഷണ കേന്ദ്രം വയനാട് – 673 593